# Come back and dwell peacefully

## *മടങ്ങിവന്ന് അടങ്ങിപ്പാർക്കുക - 1 രാജ:2:36a, 37)*



1777 -78 എന്നീ വർഷങ്ങളിൽ ജോർജ്ജ് വാഷിംഗ്ടന്റെ പട്ടാളം ഫോർജ് താഴ്വരയിൽ വളരെ ദുരിതങ്ങൾ അനുഭവിച്ചിരുന്നു. ജോർജ്ജ് വാഷിംഗ്ടൻ പെൻസിൽവാനിയായിലെ ഗവർണറോട് തങ്ങളെ സഹായിക്കുവാൻ അപേക്ഷിച്ചു. ഗവർണർ അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ച് 50,000 ഡോളർ വിലയുള്ള സ്വർണ്ണവും 4 ലക്ഷം ഡോളറും നൽകി. ആ വലിയ സഹായമാണ് അമേരിക്കയുടെ സ്വാതന്ത്ര്യത്തിന് സഹായിച്ച പ്രധാന ഘടകം. ആ സഹായം ലഭിച്ചില്ലായിരുന്നു എങ്കിൽ പട്ടിണി വന്ന് പട്ടാളം ചത്തൊടുങ്ങുമായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിയ്ക്കു ശേഷം ഈ കടം വീട്ടാൻ തനിക്ക് കഴിയുന്നില്ല എന്ന സങ്കടം അറിയിച്ച വാഷിംഗ്ടനോട് ഗവർണർ പറഞ്ഞത് തന്റെ പണത്തേക്കാൾ വലുതാണ് താങ്കൾ നേടിത്തന്ന സ്വാതന്ത്ര്യം എന്ന്.

ക്രിസ്തുവിൽ നിന്ന് നമ്മെ അകറ്റുന്ന പാപത്തിൽ നിന്ന് നമ്മെ മടക്കി കൊണ്ടു വന്ന് യെറുശലേമിൽ പാർപ്പിടം ഒരുക്കിത്തരുവാൻ കർത്താവ് ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യം നേടിത്തന്ന് നമ്മെ ആത്മസ്വതന്ത്രരാക്കുവാൻ യേശു ശ്രമിക്കുമ്പോൾ ചതിയനായ യൂദ യേശുവിനെ വേദനിപ്പിച്ചതുപോലെ ഇന്നും വേദനിപ്പിക്കുന്നവരുണ്ട്. വഴിതെറ്റിയവരെ മടക്കിവരുത്തുവാനാണ് യേശു തന്റെ ജീവനെ നൽകിയത്. കുഞ്ഞുങ്ങളേ ! നിങ്ങൾ ഈ വില ഓർക്കുന്നവരാണോ? ഈ

വലിയകടം വീട്ടുവാൻ കഴിയാത്തവരായ നാം യേശുക്രിസ്തു നേടിത്തന്ന സ്വാതന്ത്ര്യം മടങ്ങിവന്ന് അനുഭവിച്ച് അടങ്ങിപ്പാർക്കണം.

ക്രിസ്തുവിൽ നിന്ന് നമ്മെ അകറ്റുന്ന അഥവാ യെറുശലേമിന് പുറത്ത് നമ്മെ എത്തിക്കുന്ന പാപങ്ങൾക്ക് വചനത്തിൽ നിന്ന് തന്നെ 3 ഉദാഹരണങ്ങൾ നോക്കാം. (1) ഉല്പ:4:7- അസൂയ, കോപം , തിന്മ, മുതലായ പാപങ്ങളെ കീഴ്പ്പെ ടുത്താൻ കഴിയാത്ത അവസ്ഥ.

(2) ഉല്പ:39:9 - യെറുശലേമിൽ നിന്ന് നമ്മെ അകറ്റുന്ന സാഹചര്യങ്ങളാണ് കൺമോഹം, ജഡമോഹം. ഇവിടെ യോസഫിന്റെ വാക്കുകൾ ശ്രദ്ധിക്കുക□ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്യുന്നതെങ്ങനെ □?. ഈ ചിന്ത ഉള്ള ഒരാൾക്ക് ദൈവത്തോട് ചേർന്ന് ജീവിപ്പാൻ കഴിയുന്നു.

(3) ഇയ്യോബ്: (2:9,10) - പ്രതികൂലങ്ങൾ ജീവിതത്തിലുണ്ടാകുമ്പോൾ നമ്മെ ഇയ്യോ ബിന്റെ ഭാര്യയെപ്പോലെ വിമർശിക്കുന്നവരുണ്ടാകാം. അവരുടെ വാക്കുകൾ കേൾക്കാതെ □നാം ദൈവത്തിൽ നിന്ന് നന്മ മാത്രമല്ല തിന്മയും കൈക്കൊള്ള രുതോ?□ എന്ന് ഇയ്യോബിനെപ്പോലെ പറയുവാൻ കഴിഞ്ഞാൽ ദൈവസാ ന്നിദ്ധ്യം അനുഭവിപ്പാൻ കഴിയും.

മനസ്സിന് അന്തരം വരുന്ന ഒരു വ്യക്തിക്ക് ഉണ്ടായ അനുതാപം യഥാർത്ഥ ആത്മീയ അനുതാപമാണെങ്കിൽ ആ വ്യക്തിയുടെ നിലവിളി കേട്ട് ഉത്തരമരുളുന്ന കർത്താവ് ജീവൻ മടക്കി നൽകി യഥാസ്ഥാനപ്പെടുത്തുന്നു.

Read സങ്കീ. 51:11,12 , യിരെ:3:21,22

കൊലോ: 1:14 ൽ പറയുന്നു അവനിൽ നമുക്ക് പാപമോചനമെന്ന വീണ്ടെടുപ്പുണ്ട് എന്ന്.

ദാവീദ് തലമൂടിയും ചെരുപ്പിടാതെയും കരഞ്ഞുകൊണ്ട് തന്റെ ആളുക ളോടൊപ്പം സകലതും വിട്ട് പോകുമ്പോഴാണ് ശൗലിന്റെ കുലത്തിലുള്ള ശിമെയി അവനെ പ്രാകുകയും , കല്ലെറിയുകയും ചെയ്തത്. എന്നിട്ടും ദാവീദ് അവന്റെ ജീവൻ എടുക്കാതെ ജീവൻ നൽകി അയച്ചു.

Read: 2 ശമു 16:5-13

ക്രിസ്തു നമുക്ക് നേടിത്തന്ന നിത്യജീവൻ സ്വീകരിച്ച ശേഷം മറന്നുപോകുന്നവ രോ, അതോ തിരിച്ചു നൽകുവാൻ കഴിയാത്ത ആ വില വർഷത്തിലൊരിക്കൽ

ഒരു ചടങ്ങായിക്കണ്ട് ആ മഹത്വം നഷ്ടമാക്കുന്നവരാണോ നമ്മൾ? ഓരോ നിമിഷവും ആ വലിയ വില ഓർക്കുക.

ദാവീദിനുശേഷം ശലോമോൻ രാജാവായപ്പോൾ അവനെ യറുശലേമിലേക്ക് വരുത്തി വീട് വച്ച് ജീവിപ്പാൻ ആവശ്യപ്പെട്ടു. യഹോവയുടെ നാമത്തിൽ സത്യം ചെയ്ത് അവൻ യെറുശലേമിൽ പാർത്തു.

Read 1 രാജ:2:36,37

ക്രിസ്തുവിന്റെ നിർദ്ദേശമനുസരിച്ചാണോ നമ്മുടെ വീട് ? സർവ്വശക്തന്റെ നിഴലിൻ കീഴിലാണോ നമ്മുടെ പാർപ്പിടം. ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്ന് യേശു പറഞ്ഞാൽ സ്വീകരിപ്പാൻ നിങ്ങൾ തയ്യാറാണോ?

രണ്ടാമത് അവസരം രാജാവ് നൽകിയത് മൂന്ന് വർഷം ശീമെയി ശരിയായി ഉപയോഗിച്ചു. ഇവൻ ചഞ്ചലചിത്തനെന്നറിയാവുന്ന രാജാവിന്റെ കണ്ണുകൾ അവന്റെ പിന്നാലെ ഉണ്ടായിരുന്നു. തിന്മ ഉള്ളിൽ വേരൂന്നിയവൻ അവസരം നൽകിയാലും ദുരുപയോഗം ചെയ്യുമെന്ന് ശലോമോന് അറിയാമായിരുന്നു. അവന്റെ പഴയവീട് യെരിഹോയിലേക്കുള്ള പാതയുടെ അരികിലുമാണ്. പുതിയ സാഹചര്യത്തിലും, ക്രിസ്തു ജീവിച്ചിരിക്കുമ്പോൾ പറഞ്ഞത് മറന്ന് പഴയതിനെ തേടി ഇറങ്ങിയ പത്രോസിനെയും കൂട്ടരേയും പോലെയാണോ നമ്മൾ.

യോഹ:(21:3)

ഏത് തെറ്റും ന്യായീകരിപ്പാൻ കാരണം കണ്ടെത്തുന്ന ബുദ്ധി മനുഷ്യസഹജമാണ്.ശീമെയിക്കും തെറ്റിനെ ന്യായീകരിപ്പാൻ ഒരു കാരണമുണ്ടായി. താൻ വില കൊടുത്തുവാങ്ങിയ അടിമകൾ ഓടിപ്പോയി എന്നറിഞ്ഞപ്പോൾ ശീമെയി അവരെ തിരക്കിപ്പോയതാണ്. പിന്നെ മടങ്ങി എത്തി എന്നതാണ് അവൻ പറയുന്ന ആ ന്യായം. പണത്തിന്റെ പിന്നാലെ പോകാതെ , യഹോവയുടെ നാമത്തിൽ ചെയ്ത സത്യം ഓർത്ത് പെരുമാറുവാൻ മനസ്സുകാട്ടിയിരുന്നെങ്കിൽ ശീമെയിക്ക് ജീവൻ നഷ്ടമാകില്ലായിരുന്നു.

1 രാജ:2:39-44

ദൈവം തരുന്ന മുന്നറിയിപ്പ് അവഗണിക്കുന്ന ഓരോ വ്യക്തിയും ഓർക്കുക തെറ്റിന് ശിക്ഷയുണ്ടെന്നത്.

നിന്നെ രക്ഷിച്ച് യെറുശലേമിൽ പാർക്കുവാൻ രക്ഷകൻ തന്ന അവസരം വിസ്മരിച്ച് നിക്ഷേപം വർദ്ധിപ്പിക്കുവാൻ ശ്രമിക്കാതെ മടങ്ങിവന്ന് അടങ്ങിപ്പാർത്ത് അനുഗ്രഹം പ്രാപിപ്പാൻ ദൈവം സഹായിക്കട്ടെ


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg


.